# ഇസ്‌ലാമിക നവജാഗരണവും രാഷ്ട്രീയ മാറ്റങ്ങളും


പഠനം

ആർ. യൂസുഫ്

**പടിഞ്ഞാറൻ** മൂല്യങ്ങളുടെ അനുകർത്താക്കളും സേവകരുമായി മുസ്‌ലിം സമൂഹത്തെ വാർത്തെടുക്കാനുള്ള ശ്രമങ്ങൾ മുസ്‌ലിം നാടുകളിൽ ശക്തിപ്പെട്ട ചരിത്രഘട്ടത്തിലാണ് ഇസ്‌ലാമിക നവജാഗരണത്തെ കുറിച്ച മൂർത്തമായ ചിന്തകൾക്ക് സയ്യിദ് മൗദൂദി, ശഹീദ് ഹസനുൽ ബന്നാ തുടങ്ങിയവർ ആരംഭിച്ചത്. കൊളോണിയൽ കാലഘട്ടത്തിൽ തന്നെ മുസ്‌ലിം നാടുകളുടെ ഭാവിഘടനയെക്കുറിച്ചും മുസ്‌ലിം ലോകത്ത് നടക്കേണ്ട മാറ്റത്തെക്കുറിച്ചും മൗലികമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച ഇവർ, മതപരമെന്നും രാഷ്ട്രീയമെന്നും വിഭജിക്കപ്പെടുന്ന രണ്ട് അധികാര കേന്ദ്രങ്ങൾക്കായി ജീവിതത്തെ പകുത്ത് നൽകണമെന്ന പടിഞ്ഞാറൻ മതേതര ആശയത്തെ ശക്തിയുക്തം നിരാകരിച്ചു. മുസ്‌ലിം ലോകത്തിന്റെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരം, ഇസ്‌ലാമിക സ്രോതസ്സിൽ നിന്നും ആവിഷ്കൃതമാവുന്ന താത്ത്വികവും പ്രായോഗികവുമായ നടപടികളിലൂടെ ആയിരിക്കണമെന്നതായിരുന്നു അവരുടെ നിലപാട്. വിഭജിക്കാനാവാത്ത, ജീവിതമെന്ന ഒറ്റ പ്രതിഭാസത്തിന്റെ ദിശ നിർണയിക്കുന്ന ആദർശമാണ് ഇസ്‌ലാമെന്ന നിലപാട്, മത-രാഷ്ട്ര വിഭജനമെന്ന പാശ്ചാത്യ അന്ധവിശ്വാസത്തിന്നും ആധുനികതക്കുമെതിരെയുള്ള ഏറ്റവും ശക്തമായ ചെറുത്തുനിൽപായിരുന്നു. മതം, മനുഷ്യൻ, പുരോഗതി, രാഷ്ട്രം തുടങ്ങിയവയെക്കുറിച്ച പാശ്ചാത്യ വാർപ്പുമാതൃകകൾ നെടുകെ വിചാരണചെയ്യപ്പെട്ടു മുസ്‌ലിം നാടുകളിൽ.

മുസ്‌ലിം സമൂഹം നേരിടുന്ന ആഭ്യന്തരവും വൈദേശികവുമായ പ്രശ്നങ്ങളെയും വെല്ലുവിളികളെയും, പാശ്ചാത്യ സാമൂഹിക-രാഷ്ട്രീയ മാതൃകകളിലൂടെ പരിഹരിക്കാനാവില്ലെന്ന അതിശക്തമായ ഒരവബോധം മൊറോക്കൊ മുതൽ ഇന്തോനേഷ്യ വരെയുള്ള മുസ്‌ലിം ബഹുജനങ്ങളിൽ വ്യാപകമായി കൈമാറ്റം ചെയ്യപ്പെട്ട ഈ സന്ദർഭത്തിലാണ് അതിനെ ശരിവെക്കുന്ന രണ്ട് സുപ്രധാന സംഭവങ്ങൾക്ക് ഇസ്‌ലാമിക ലോകം സാക്ഷിയായത്. പാശ്ചാത്യ മതേതരത്വത്തിന്റെ രണ്ട് നെടുംതൂണുകളായി വാഴ്ത്തപ്പെട്ട നാസിറിസവും ബഅസിസവും 1967 ലെ യുദ്ധത്തിൽ ഇസ്രയേലിനോട് ഏറ്റുമുട്ടി അതിദയനീയമായി പരാജയപ്പെട്ടതാണ് ഒന്നാമത്തെ സംഭവം. യൂറോപ്പിന്റെ വളർച്ചയിലും പുരോഗതിയിലും ശാക്തീകരണത്തിലും മതേതര ദേശീയത വഹിച്ച അതേ പങ്ക് അറബ് നാഷനലിസത്തിന് മുസ്‌ലിം നാടുകളിൽ നിർവഹിക്കാനാവുമെന്ന ഈജിപ്ത്, സിറിയ, ഇറാഖ് ഭരണാധികാരികളുടെ പ്രതീക്ഷകളാണ് ചീട്ടുകൊട്ടാരം കണക്കെ തകർന്നുവീണത്. പാശ്ചാത്യ മുതലാളിത്തത്തിനും അതിന്റെ ചൂഷക സംവിധാനങ്ങൾക്കുമെതിരായ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ ജനകീയ മുന്നേറ്റത്തിന് ഇറാൻ സാക്ഷ്യംവഹിച്ചതാണ് രണ്ടാമത്തെ സംഭവം. സംവത്സരങ്ങളായി ഒരേ ദിശയിൽ കറങ്ങുകയായിരുന്ന ഘടികാരത്തിന്റെ ദിശ മാറ്റിനിർണയിച്ച സംഭവമായിരുന്നു അത്. ആധുനികവൽക്കരണം എല്ലാ സമൂഹങ്ങളെയും മതേതരവൽക്കരിക്കും എന്ന മുൻവിധിയെയാണ് അത് തിരുത്തിക്കുറിച്ചത്.[18] ലെനിന്റെയും മാർക്സിന്റെയും നാമത്തിൽ

> **വിഭജിക്കാനാവാത്ത, ജീവിതമെന്ന ഒറ്റ പ്രതിഭാസത്തിന്റെ ദിശ നിർണയിക്കുന്ന ആദർശമാണ് ഇസ്‌ലാമെന്ന നിലപാട്, മത-രാഷ്ട്ര വിഭജനമെന്ന പാശ്ചാത്യ അന്ധവിശ്വാസത്തിനും ആധുനികതക്കുമെതിരെയുള്ള ഏറ്റവും ശക്തമായ ചെറുത്തുനിൽപായിരുന്നു. മതം, മനുഷ്യൻ, പുരോഗതി, രാഷ്ട്രം തുടങ്ങിയവയെക്കുറിച്ച പാശ്ചാത്യ വാർപ്പുമാതൃകകൾ നെടുകെ വിചാരണചെയ്യപ്പെട്ടു മുസ്‌ലിം നാടുകളിൽ.**




മാത്രമേ ആഗോളമുതലാളിത്തത്തിന്നെതിരായ പോരാട്ടം സാധ്യമാവൂ എന്ന മുൻവിധിയെ തിരുത്തുക മാത്രമല്ല, മാനവികതയുടെ പുനഃസംവിധാനം നിർവഹിക്കാനുള്ള ഇസ്‌ലാമിന്റെ കരുത്ത് തെളിയിക്കുക കൂടി ചെയ്തു ഈ വിപ്ലവം.

### അപനിർമാണങ്ങളുടെ രാഷ്ട്രീയം

തൽഫലമായി മതപ്രചോദിത രാഷ്ട്രീയ, സാമൂഹിക ക്രമങ്ങളെക്കുറിച്ച ശുഭപ്രതീക്ഷകൾ, സമീപഭാവിയിൽ മുസ്‌ലിം ലോകത്തുടനീളം പാശ്ചാത്യ തത്ത്വങ്ങളെ നിരാകരിക്കുന്നതും ഇസ്‌ലാമിക ആവിഷ്കാരങ്ങൾക്ക് നിറംപകരുന്നതുമായ വിപ്ലവങ്ങൾക്ക് കാരണമായിത്തീരും എന്ന ആശങ്ക പടിഞ്ഞാറൻ മതേതര ബുദ്ധിജീവികളെയും രാഷ്ട്രീയ നേതൃത്വത്തെയും അസ്വസ്ഥരാക്കി. മതത്തെ അപ്രസക്തമാക്കുന്ന സംവിധാനങ്ങളായി പടിഞ്ഞാറൻ ലോകത്ത് കൊണ്ടാടപ്പെട്ട തീവ്ര മതേതരത്വം (തുർക്കി), അറബ് നാഷനലിസം (ഈജിപ്ത്), ബഅസ് സോഷ്യലിസം (സിറിയ, ഇറാഖ്), മതേതര ജനാധിപത്യം (പാകിസ്താൻ, മലേഷ്യ), ദേശീയ മുതലാളിത്തം (ഇന്തോനേഷ്യ), ഏകാധിപത്യ മുതലാളിത്തം (ജോർദാൻ, തുനീഷ്യ), ദേശീയ സോഷ്യലിസം (അൾജീരിയ) തുടങ്ങിയ ഭരണകൂട ആശയങ്ങൾ കടുത്ത വെല്ലുവിളികൾ നേരിട്ടു. ഈ അസ്വസ്ഥതയിൽനിന്നാണ് എൺപതുകളുടെ തുടക്കത്തിൽ മതമൗലിക വാദം, രാഷ്ട്രീയ ഇസ്‌ലാം, ആഗോള ഭീകരത തുടങ്ങിയ

**1989–ലെ കമ്മ്യൂണിസത്തിന്റെ പതനവും '91–ലെ ഒന്നാം ഗൾഫ് യുദ്ധവും പടിഞ്ഞാറൻ മുതലാളിത്ത നാഗരികതയുടെ ഗംഭീര വിജയത്തെ കുറിക്കുന്ന പുതുലോകക്രമത്തിന്റെ സമാരംഭമെന്നനിലയിൽ വാഴ്ത്തപ്പെട്ടെങ്കിലും, മതപ്രചോദിത രാഷ്ട്രീയ സാമൂഹിക ക്രമത്തെക്കുറിച്ച് ആധുനിക ഇസ്‌ലാമിക നവജാഗരണം പകർന്ന ശുഭപ്രതീക്ഷകൾ മുസ്‌ലിം ലോകത്ത് ആഗോള മുതലാളിത്തത്തിനും അതിന്റെ ആവിഷ്കാരങ്ങളായ നവകൊളോണിയലിസത്തിനും അധിനിവേശങ്ങൾക്കും എതിരെ ഒരു പ്രതിപക്ഷ സാന്നിധ്യമായി എഴുന്നേറ്റുനിൽക്കുകയാണുണ്ടായത്.**

പുതിയ പ്രയോഗങ്ങൾ പാശ്ചാത്യ ചിന്താമണ്ഡലത്തിൽ ജന്മമെടുക്കുന്നത്. ഇസ്‌ലാമിക നവോത്ഥാനത്തെക്കുറിച്ച വികലമായ ചിത്രങ്ങൾ (Distorted Images) അവതരിപ്പിച്ചും ആശയക്കുഴപ്പം സൃഷ്ടിച്ചും ഇസ്‌ലാമിക നവജാഗരണത്തെ അപായപ്പെടുത്തുക എന്ന ലക്ഷ്യം, അന്നേവരെ മുസ്‌ലിം ലോകത്ത് കേട്ടുപരിചയം പോലുമില്ലാത്ത ഈ പുതിയ പദനിർമിതികൾക്കു പിന്നിലുണ്ട്. ഇസ്‌ലാമിന്റെ ആഗോള സാധ്യതകളെയും അതിലൂടെ സാമ്രാജ്യത്വം നേരിട്ടേക്കാവുന്ന ഭീഷണിയെയും നിഷ്കാസനം ചെയ്യാനുള്ള മതേതരമായ പ്രത്യയശാസ്ത്ര പരിസരം രൂപീകരിക്കുക എന്ന ഇതേ ഉദ്ദേശ്യത്തോടെയാണ് എൺപത്തൊന്നിൽ അമേരിക്കയിലെ റൊണാൾഡ് റീഗൻ ഭരണകൂടം അതിന്റെ വിദേശകാര്യനയത്തിന്റെ ഏറ്റവും സുപ്രധാന മുഖമായി ആഗോള ഭീകരതക്കെതിരെയുള്ള യുദ്ധത്തെ പ്രഖ്യാപിച്ചത്.

തുടക്കത്തിൽ, മതമൗലികവാദം എന്ന നിർമിതികൊണ്ടാണ് മതപ്രചോദിത രാഷ്ട്രീയ-സാമൂഹിക ക്രമ (religio politics)മെന്ന ആശയത്തെ മതനിരാസ നാഗരികത നേരിട്ടത്. കടുത്ത യാഥാസ്ഥിതിക സമീപനം വെച്ചുപുലർത്തുന്ന വിഭാഗങ്ങളെ ആയിരുന്നില്ല, കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയവയെ വിശുദ്ധ ഖുർആന്റെ സമകാലിക വായനയിലൂടെ പുനഃക്രമീകരിക്കണം എന്നാവശ്യപ്പെടുന്ന നവജാഗരണ പ്രസ്ഥാനങ്ങളെയാണ് ഈ പ്രയോഗം ഉന്നംവെച്ചത്. പടിഞ്ഞാറിന്റെ വിനീത സേവകനായി വിലയിരുത്തപ്പെടാൻ അർഹതയുള്ള ബസ്സാം ത്വീബി(1988)യുടെ അഭിപ്രായത്തിൽ, രാഷ്ട്രീയ ഇസ്‌ലാമിനെ വിശേഷിപ്പിക്കാൻ എൺപതുകളിൽ ഉപയോഗപ്പെടുത്തിയ നൂതന അറബി സംജ്ഞയാണ് ഉസൂലിയ്യഃ എന്നത്.

1920-കളിൽ ആവിർഭവിക്കുകയും 70-കളിൽ ലോകവ്യാപകമായി ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത ഇസ്‌ലാമിക നവോത്ഥാന-നവജാഗരണ ആശയങ്ങളും അവയെ പിന്തുണക്കുന്ന പ്രസ്ഥാനങ്ങളും വ്യക്തികളുമാണ് ഇപ്രകാരം വിശദീകരിക്കപ്പെട്ടതെന്ന് അദ്ദേഹം സമ്മതിക്കുന്നു.[19] ആധുനിക സമൂഹം നേരിടുന്ന ഏററവും വലിയ രാഷ്ട്രീയ ഭീഷണിയായി നവജാഗരണത്തെ മുദ്രയടിക്കുക എന്നതായിരുന്നു ഈ പ്രയോഗത്തിന്റെ രാഷ്ട്രീയം. മതമൗലിക വാദത്തെ ഈ അർഥത്തിൽ വേർതിരിച്ചുനിർത്തുന്നതിനു പകരം, തീവ്രവാദവും പിന്തിരിപ്പത്തരവുമായി അതിന്റെ അർഥം പരിമിതപ്പെട്ടുപോകുന്നതിലെ പരിഭവവും അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. ഇതേ പരിഭവം ഏകാധിപത്യത്തിന്റെ ഉരുക്കുമുഷ്ടികൾക്കൊണ്ട് ജനങ്ങളെ അടിച്ചമർത്തിയ മൊറോക്കൊവിലെ ഹസൻ രാജാവിന്റെ വാക്കുകളിലും കാണാം. മതമൗലിക വാദത്തെ ഏറ്റവും കരുത്തുറ്റ


രാഷ്ട്രീയ വെല്ലുവിളിയായി വിലയിരുത്തുന്ന ഈ സർവാധിപതി പ്രഖ്യാപിക്കുന്നു: "മതമൗലികവാദം പോരാടുന്നത് ടാങ്കുകളും മിസൈലുകളും ഉപയോഗിച്ചല്ല. സൈനിക വിഭാഗങ്ങളോ സ്കഡ് മിസൈലുകളോ ആറ്റം ബോംബുകളോ അതിന്റെ കൈവശമില്ല. ആയുധപ്പുരകൊണ്ട് നേരിടാനാവാത്ത, പ്രത്യയശാസ്ത്രം കൊണ്ടുമാത്രം നേരിടാനാവുന്ന ഒരു പ്രത്യേകതരം മനോഘടനയാണത്". [20]

മുസ്‌ലിം ലോകത്ത് ജനപിന്തുണ ആർജിക്കുന്ന നവജാഗരണത്തെ ദുർബലപ്പെടുത്താൻ ഈ പ്രയോഗം ഉപകരിക്കുമെന്ന പ്രതീക്ഷ, പക്ഷേ വേണ്ടത്ര ഫലംകണ്ടില്ല; ചില സന്ദർഭങ്ങളിലെല്ലാം അത് വിപരീത ഫലമുളവാക്കുകയും ചെയ്തു. കാരണം, പ്രസ്തുത പ്രയോഗത്തിന്റെ പാശ്ചാത്യ ജനിതക സ്രോതസ്സ് 18-ാം നൂറ്റാണ്ടിലെ അന്ത്യദശകങ്ങളിലെ അമേരിക്കൻ ക്രിസ്ത്യൻ അനുഭവങ്ങളുമായാണ് ബന്ധപ്പെട്ട് കിടക്കുന്നത്. അക്കാലത്തെ പ്രധാന ക്രിസ്ത്യൻ പാരമ്പര്യവാദിയും യാഥാസ്ഥിതിക ദൈവശാസ്ത്രജ്ഞനുമായ ഒരാൾ ബൈബിൾ വചനങ്ങളുടെ കാലാതീത പ്രസക്തിയെ അക്ഷരപരമായി ന്യായീകരിച്ചുകൊണ്ട് രചിച്ച *ദ ഫണ്ടമെന്റൽ* എന്ന ഗ്രന്ഥപരമ്പരയിൽ നിന്നാണ് ഈ പദം കടംകൊണ്ടത്.[21] പിൽക്കാലത്ത്, ബൈബിളിന് വിശുദ്ധവും സ്ഥായിയുമായ പ്രാമുഖ്യം കൽപ്പിക്കണമെന്ന് വാദിച്ച പല വിഭാഗങ്ങളും പടിഞ്ഞാറൻ ലോകത്ത് മതമൗലികവാദികളായി വ്യവഹരിക്കപ്പെട്ടിട്ടുണ്ട് . ഈ ഒരാശയം ഇസ്‌ലാമിനോട് ചേർത്തു വെച്ചപ്പോൾ വിശുദ്ധ ഖുർആന്റെ അപ്രമാദിത്വത്തിൽ വിശ്വസിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും മതമൗലികവാദി എന്ന മുദ്ര പതിച്ചുനൽകേണ്ടിവന്നു. ഇസ്‌ലാമിനെ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുക്കിനിർത്തുകയും, അതിന്റെ സാമൂഹികതയെ നിരാകരിക്കുകയും ചെയ്യുന്ന വിഭാഗങ്ങൾ വരെ ഈ പ്രയോഗത്തിന്റെ സാധുതയെ ചോദ്യംചെയ്തു.

## പ്രതികാരത്തിന്റെ പടിഞ്ഞാറൻ രീതികൾ

ഈ പ്രതിസന്ധിയിൽ നിന്ന് പുറത്തുകടക്കാൻ പടിഞ്ഞാറൻ മതേതര നാഗരികതക്ക് മറ്റൊരു പ്രയോഗം ആവശ്യമായി വന്നു. പിൽകാലത്ത് വ്യാപകമായി പ്രത്യക്ഷപ്പെട്ട രാഷ്ട്രീയ ഇസ്‌ലാം (Political Islam) എന്ന നിർമിതി അക്കാര്യമാണ് നിർവഹിക്കുന്നത്. രാഷ്ട്രീയ ഇസ്‌ലാം എന്ന പ്രയോഗവും അതിന്റെ അറബി മൊഴിമാറ്റമായ 'അൽ ഇസ്‌ലാമുസ്സിയാസി' എന്ന പ്രയോഗവും കൂടുതൽ വ്യാപകമാവുന്നത് തൊണ്ണൂറുകളിലാണ്. 1989-ലെ കമ്മ്യൂണിസത്തിന്റെ പതനവും '91-ലെ ഒന്നാം ഗൾഫ് യുദ്ധവും പടിഞ്ഞാറൻ മുതലാളിത്ത നാഗരികതയുടെ ഗംഭീര വിജയത്തെ കുറിക്കുന്ന പുതുലോകക്രമത്തിന്റെ സമാരംഭമെന്നനിലയിൽ വാഴ്ത്തപ്പെട്ടെങ്കിലും, മതപ്രചോദിത രാഷ്ട്രീയ സാമൂഹിക ക്രമത്തെക്കുറിച്ച് ആധുനിക ഇസ്‌ലാമിക നവജാഗരണം പകർന്ന ശുഭപ്രതീക്ഷകൾ മുസ്‌ലിം ലോകത്ത് ആഗോള മുതലാളിത്തത്തിനും അതിന്റെ ആവിഷ്കാരങ്ങളായ നവകൊളോണിയലിസത്തിനും അധിനിവേശങ്ങൾക്കും എതിരെ ഒരു പ്രതിപക്ഷ സാന്നിധ്യമായി എഴുന്നേറ്റുനിൽക്കുകയാണുണ്ടായത്. ജോൺ എൽ എസ്പോസിറ്റോ (1987) നിരീക്ഷിച്ചതു പോലെ, ഈ കാലയളവിൽ മുസ്‌ലിം ലോകത്ത് ഇസ്‌ലാമിക നവോത്ഥാനം വികസനത്തെക്കുറിച്ച പടിഞ്ഞാറിന്റെ പല മുൻധാരണകളെയും വെല്ലുവിളിച്ചു. തൽഫലമായി, ആധുനികവത്കരണം മതേതരവത്കരണത്തിലേക്ക് എല്ലാ സമൂഹങ്ങളെയും നയിക്കും എന്ന പടിഞ്ഞാറൻ സിദ്ധാന്തങ്ങൾ മുസ്‌ലിംലോകത്ത് നിരാകരിക്കപ്പെട്ടു.[22] ബഹുജനങ്ങളുടെ ഇസ്‌ലാമിക ആഭിമുഖ്യം കാരണം സമ്മർദത്തിലായ പല ഭരണകൂടങ്ങളിലും പാശ്ചാത്യവിരുദ്ധ പ്രവണത പ്രകടമായി. ഒരർഥത്തിൽ മുസ്‌ലിംലോകത്ത് ആവിർഭവിച്ച ഇസ്‌ലാമിക നവജാഗരണത്തിന്റെ സ്വാഭാവിക പ്രത്യാഘാതമാണ് ഈ മാറ്റം[23] എന്ന്, ഇസ്‌ലാമിന് ഏറ്റവും അപകടകരമായ പ്രതിഛായ പതിച്ചുനൽകുന്ന ഹണ്ടിംഗ്ടണിനുവരെ സമ്മതിക്കേണ്ടിവന്നു.

കഴിഞ്ഞ കാലങ്ങളിൽ പാശ്ചാത്യവത്കരണത്തിന് ആഹ്വാനം ചെയ്യുന്ന ധാരാളം നേതാക്കന്മാരുണ്ടായിരുന്നു മുസ്‌ലിം നാടുകളിൽ. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ, ഏതെങ്കിലും ഒരു നേതാവ് പ്രസ്തുത ആഹ്വാനം മുഴക്കുന്നുണ്ടെങ്കിൽ അയാൾ വളരെ ഒറ്റപ്പെട്ട അപൂർവ വ്യക്തിയായിരിക്കും [24] എന്ന് വിലപിക്കുന്നുമുണ്ട് അദ്ദേഹം. പതിറ്റാണ്ടുകളോളം പാശ്ചാത്യ അനുകൂല സമീപനം തുടർന്ന പലരാജ്യങ്ങളും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ഉൾക്കൊള്ളുകയും രാഷ്ട്രീയ പ്രക്രിയയിൽ ഭാഗഭാക്കാക്കുകയും ചെയ്യുമെന്ന കടുത്ത ആശങ്ക പടിഞ്ഞാറൻ ലോകത്ത് വ്യാപകമായി. തുർക്കി, അൾജീരിയ, ലബനാൻ, ഫലസ്ത്വീൻ തുടങ്ങിയ പ്രദേശങ്ങളിൽ പ്രത്യക്ഷപ്പെട്ട പ്രവണതകൾ ഈ അസ്വസ്ഥത വർധിപ്പിച്ചു. ഈ അസ്വസ്ഥതയിൽ നിന്നാണ് ഇസ്‌ലാമിനെ പാശ്ചാത്യ നാഗരികത ഭാവിയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ഏറ്റവും വലിയ രാഷ്ട്രീയ സൈനിക വെല്ലുവിളിയായി ചിത്രീകരിക്കുന്ന പ്രബന്ധങ്ങൾ ഫുക്കുയാമ (1992),



ബസ്സാം ത്വീബി

**മതേതരമൗലികവാദത്തിന്റെ ചിന്താശൂന്യമായ നിലപാടുകളെ നിരാകരിക്കുന്നവരായ സയ്യിദ് മൗദൂദി, ശഹീദ് ഹസനുൽ ബന്നാ, സയ്യിദ് ഖുത്വുബ് തുടങ്ങിയവരെ മതമൗലിക വാദത്തിന്റെ സ്പോൺസർമാരായി മുദ്രയടിച്ചും വ്യത്യസ്ഥ നാഗരികതയായി ഇസ്‌ലാമിനെ അവതരിപ്പിക്കുന്ന ഇസ്‌ലാമിക സംഘങ്ങളെയെല്ലാം ഒറ്റപ്പെടുത്തി ആക്രമിച്ചും യഥാർഥ ഇസ്‌ലാമും രാഷ്ട്രീയ മാനങ്ങളുള്ള ഇസ്‌ലാമും രണ്ടാണെന്ന് വരുത്തിതീർത്ത് സമകാലിക ലോകത്തെ ഇസ്‌ലാമിന്റെ സർവ സാധ്യതകളെയും തടുത്ത് നിർത്താനാണ് രാഷ്ട്രീയ ഇസ്‌ലാം എന്ന പ്രയോഗം ഈ വിദ്വേഷ പ്രചാരകർ വികസിപ്പിച്ചെടുത്തത്.**

ഹണ്ടിംഗ്ടൺ (1993), മിയർ ഷെയ്മർ (1990) തുടങ്ങിയവർ എഴുതിയത്. സംഘട്ടനത്തിലും യുദ്ധങ്ങളിലും ഊന്നുന്ന ഇവരുടെ തത്ത്വങ്ങൾ എതിർപ്പിന്റെ കുന്തമുന തിരിച്ചുവെച്ചിരിക്കുന്നത് ഇസ്‌ലാമിക നവജാഗരണ പ്രസ്ഥാനങ്ങൾക്ക് നേരെയാണ്. ഒരു ബദൽ നാഗരികത എന്ന നിലയിലും സമൂഹത്തെയും രാഷ്ട്രത്തെയും പുനഃസംവിധാനിക്കാൻ കഴിവുള്ള ഒരു ജീവിത ദർശനമെന്ന നിലയിലും ഇസ്‌ലാം നേടിയെടുക്കുന്ന സ്വീകാര്യതയിൽ അവർ രോഷംകൊള്ളുന്നു. പലരും ധരിച്ചുവച്ചതു പോലെ, ഇസ്‌ലാമിനെ അങ്ങേയറ്റം യാഥാസ്ഥിതികമായി അവതരിപ്പിക്കുന്നതോ, മുസ്‌ലികൾ ആയുധ പ്രതിരോധത്തിൽ ഇടപെട്ടതോ അല്ല പ്രശ്നത്തിന്റെ മർമം. മതമൗലികവാദം പടിഞ്ഞാറിന് പ്രശ്നമേ അല്ല; മറിച്ച് ഒരു വ്യത്യസ്ഥ നാഗരികതയായ ഇസ്‌ലാം തന്നെയാണ് പ്രശ്നം. അതിന്റെ വക്താക്കൾക്ക് അതിന്റെ ശ്രേഷ്ഠത ബോധ്യപ്പെട്ടിട്ടുണ്ട്[25] എന്ന (ഹണ്ടിംഗ്ടൺ) പ്രസ്താവനയിൽ സമൂഹത്തിന്റെ പുനഃസംവിധാന പ്രക്രിയയിൽ ഇടപെടാനുള്ള കഴിവ് തെളിയിച്ച ഇസ്‌ലാമിനോടുള്ള പടിഞ്ഞാറൻ മതേതര മുതലാളിത്തത്തിന്റെ കടുത്ത വിദ്വേഷമാണ് പ്രകടമാകുന്നത്. അതേ അവസരം, ആഗോള സാമ്രാജ്യത്വത്തിന് ഉപയോഗപ്പെടുത്താൻ പാകത്തിൽ ഒതുങ്ങിപ്പോയ ആചാരമതത്തെ സമകാലിക ലോകത്തെ രാഷ്ട്രീയ സംവിധാനങ്ങളെക്കുറിച്ച് മൗനംപാലിക്കുന്നതിന്റെ പേരിൽ സ്തുതികീർത്തനങ്ങൾ[26] കൊണ്ട് വീർപ്പുമുട്ടിക്കുന്നുമുണ്ട്.

**ഇസ്‌ലാമിനെ കുറിച്ച നാഗരിക വിരുദ്ധതയുടെയും ആഗോള ഭീകരതയുടെയും സംഭ്രമകരമായ പ്രചാരണങ്ങളുമായി സമീപകാലത്ത് മുതലാളിത്ത ലോകം രംഗത്തു വന്നതും ഇസ്‌ലാമിന്റെ സാമ്രാജ്യത്വ വിരുദ്ധ – മനുഷ്യാവകാശ പോരാട്ടത്തെയും അതിന് കാരണമായിത്തീരുന്ന രാഷ്ട്രീയ മാനങ്ങളോടെ പ്രവർത്തിക്കുന്ന ഇസ്‌ലാമിക സംഘങ്ങളെയെല്ലാം ഒറ്റപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ തന്നെയാണ്. ഒന്നുകിൽ ഭീകരത, അല്ലെങ്കിൽ ഭീകരതയുടെ സാധ്യത പേറുന്നത് എന്ന കാഴ്ചപ്പാടു മാത്രമേ ഇസ്‌ലാമിക സംരംഭങ്ങളോടും പ്രസ്ഥാനങ്ങളോടും മതേതര ലിബറൽ മുതലാളിത്ത ബോധത്തിനുള്ളൂ.**


ഫുക്കുയാമ

മതേതരമൗലികവാദത്തിന്റെ ചിന്താശൂന്യമായ നിലപാടുകളെ നിരാകരിക്കുന്നവരായ സയ്യിദ് മൗദൂദി, ശഹീദ് ഹസനുൽ ബന്നാ, സയ്യിദ് ഖുത്വുബ് തുടങ്ങിയവരെ മതമൗലിക വാദത്തിന്റെ സ്പോൺസർമാരായി മുദ്രയടിച്ചും വ്യത്യസ്ഥ നാഗരികതയായി ഇസ്‌ലാമിനെ അവതരിപ്പിക്കുന്ന ഇസ്‌ലാമിക സംഘങ്ങളെയെല്ലാം ഒറ്റപ്പെടുത്തി ആക്രമിച്ചും യഥാർഥ ഇസ്‌ലാമും രാഷ്ട്രീയ മാനങ്ങളുള്ള ഇസ്‌ലാമും രണ്ടാണെന്ന് വരുത്തിതീർത്ത് സമകാലിക ലോകത്തെ ഇസ്‌ലാമിന്റെ സർവ സാധ്യതകളെയും തടുത്ത് നിർത്താനാണ് രാഷ്ട്രീയ ഇസ്‌ലാം എന്ന പ്രയോഗം ഈ വിദ്വേഷ പ്രചാരകർ വികസിപ്പിച്ചെടുത്തത്. ആചാരാനുഷ്ഠാന മതവാദക്കാരെയും അനുഷ്ഠാന മതത്തെ ഉപയോഗപ്പെടുത്തി അധികാരം വാഴുന്ന മത പുരോഹിതരെയും പടിഞ്ഞാറിന് പാദസേവ ചെയ്യുന്ന ഭരണാധികാരികളെയും ഒരേ മുന്നണിയിൽ മതനവജാഗരണ ശ്രമത്തിനെതിരായി അണിനിരത്താനാവും എന്ന സൗകര്യം ഈ പ്രയോഗത്തിനുണ്ട്.

ഇസ്‌ലാമിക നവോത്ഥാനത്തെ അധികാര രാഷ്ട്രീയവുമായി ചേർത്തുവെച്ചാൽ മതബോധമുള്ള സാധാരണക്കാരെ നവോത്ഥാന സംരംഭങ്ങളിൽനിന്ന് തടഞ്ഞുനിർത്താനാവും എന്നതാണ് ഈ പ്രയോഗത്തിന്റെ ഒരു സാധ്യത. മതത്തെ മലീമസമായ അധികാര രാഷ്ട്രീയത്തിന് ദുരുപയോഗംചെയ്ത പാശ്ചാത്യ ക്രൈസ്തവ ചരിത്രവുമായി ഇസ്‌ലാമിക നവോത്ഥാന ശ്രമങ്ങളെ സാമ്യപ്പെടുത്തി അധികാര രാഷ്ട്രീയ വടംവലിയായി അതിനെ മുദ്രയടിക്കാനും, മതം, മനുഷ്യൻ, പുരോഗതി തുടങ്ങിയവയെക്കുറിച്ച മൗലിക ചർച്ചകളെ തമസ്കരിക്കാനുമാവും എന്നത് മറ്റൊരു സാധ്യത. ആത്മീയത, പാരത്രിക മോക്ഷം തുടങ്ങിയ ഇസ്‌ലാമിലെ അടിസ്ഥാന ഭാവങ്ങളെ നിരാകരിക്കുന്നതാണ് നവോത്ഥാന സമീപനം എന്ന പുകമറ സൃഷ്ടിച്ച് മതബോധമുള്ള മുസ്‌ലിം പൊതുജന സാമാന്യത്തെ അതിന്റെ ശത്രുക്കളാക്കി മാറ്റാനാവും എന്ന സൗകര്യവും ഈ പ്രയോഗത്തിനുണ്ട്. കൂടാതെ നിലവിലുള്ള ഭരണകൂടങ്ങളെ അട്ടിമറിക്കാനുള്ള രാഷ്ട്രീയ സാഹസമാക്കി നവോത്ഥാനത്തെ ചിത്രീകരിക്കാനും, അതുപയോഗപ്പെടുത്തി ഭരണാധികാരികളിൽ ഭയം വിതക്കാനും ഈ പ്രയോഗം ഉപകരിക്കും. ഇതിനെല്ലാമുപരി ഇസ്‌ലാമിനെ പ്രതീക്ഷാപൂർവം കാണുന്ന നല്ലൊരു വിഭാഗം അമുസ്‌ലിം പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും ഈ പ്രയോഗം ഉപകരിക്കും.

മനുഷ്യ നാഗരികതയുടെ വികാസവുമായി ബന്ധപ്പെട്ട് ജനാഭിലാഷങ്ങൾക്ക് ഊന്നൽ നൽകുന്നതും ജനപിന്തുണയുള്ളതുമായ ഭരണക്രമത്തെക്കുറിച്ചാണ് ഇസ്‌ലാമിക നവോത്ഥാനം സംസാരിച്ചത്. ഭിന്ന മത വിഭാഗങ്ങൾക്ക് സഹവർത്തിത്വത്തോടെ കഴിയാനാവുന്ന സുരക്ഷിത സാമൂഹിക ക്രമമാണ് അത് വിഭാവന ചെയ്തത്. എന്നാൽ സമകാലിക ലോകത്തെ ഇസ്‌ലാമിക ഭരണക്രമത്തിന്റെ മാതൃക ശൈഖ്ഡമുകളിലെ രാജവാഴ്ചയും അറബ് ഏകാധിപത്യവും പിന്തിരിപ്പത്തരവുമൊക്കെയാണെന്ന വികല ധാരണ മാധ്യമങ്ങൾക്ക് അടിച്ചേല്പിക്കാനായിട്ടുണ്ട്.


ഈ ഭിന്ന ലക്ഷ്യങ്ങളെല്ലാം സമർഥമായി സാക്ഷാത്കരിക്കാനുതകുന്ന പ്രയോഗം എന്ന നിലയിൽ രാഷ്ട്രീയ ഇസ്‌ലാം എന്ന പദ നിർമിതി, പിൽകാലത്ത് വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ബഹുജന സമ്മർദം കാരണം പാശ്ചാത്യ വിരുദ്ധസമീപനം സ്വീകരിക്കാൻ നിർബന്ധിതമായ പല ഭരണകൂടങ്ങളും ഇസ്‌ലാമിസ്റ്റുകളെ വേട്ടയാടുന്നവരായി പിൽക്കാലത്ത് മാറിയതിൽ ഈ പ്രയോഗം അനൽപമായ പങ്കുവഹിച്ചിട്ടുണ്ട്. അൾജീരിയയിൽ 20 ലക്ഷം പേരെയാണ് ഭരണകൂടം ഈ പ്രയോഗത്തിന്റെ ആനു

കൂല്യം ഉപയോഗിച്ച് കൂട്ടക്കൊല ചെയ്തത്. ഏറ്റവും ഭീകര രാഷ്ട്രമായ ഇസ്രയേലിനെതിരായ വിമോചനപോരാട്ടത്തിൽ രക്തസാക്ഷ്യം വരിക്കുന്ന ഫലസ്ത്വീൻ കുഞ്ഞുങ്ങൾക്ക് യാങ്കീ സാമ്രാജ്യത്വം പതിച്ചുനൽകുന്ന വിശേഷണം രാഷ്ട്രീയ ഇസ്ലാം എന്നാണ്. ഹമാസിനും ഹിസ്ബുല്ലക്കുമെതിരെ സാർവ്വത്രികമായ ഒറ്റപ്പെടൽ രൂപപ്പെടുത്തിയിരിക്കുന്നതും ഈജിപ്ത്, ജോർദാൻ,തുനീഷ്യ, തുടങ്ങിയ നിരവധി രാജ്യങ്ങളിൽ ഇസ്ലാമിക പ്രസ്ഥാനങ്ങൾക്ക് ജനാധിപത്യാവകാശങ്ങൾ നിഷേധിക്കുന്നതും ഈ ഒരു സമീപനംകൊണ്ടാണ്. അറബ് ലോകത്തിന്റെ ജനാധിപത്യവൽക്കരണം പാശ്ചാത്യ വികസനമാതൃകക്കും രാഷ്ട്രീയ ഘടനക്കും ബദലായി ഉയർന്നുവരാനുള്ള ഇസ്ലാമിന്റെ സാധ്യതക്ക് വഴിതെളിക്കും എന്നവർ ആശങ്കിക്കുന്നുണ്ട്. മറ്റു സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് മുസ്ലിം സമൂഹത്തിന് അനുയോജ്യമായ ഒരു ഉത്തമ ഭരണരീതിയാണ് ജനാധിപത്യം എന്ന് നാം ഗൗരവത്തിൽ തന്നെ അഭിപ്രായപ്പെടുന്നുണ്ടോ എന്ന ചോദ്യത്തിന്, അമേരിക്കയുടെ മുൻ പ്രതിരോധ സെക്രട്ടറിയും സി.ഐ.എ. മേധാവിയുമായിരുന്ന ജയിംസ് സ്ലസൻജർ നൽകിയ മറുപടി ഇതായിരുന്നു: “ഇല്ല, ജനാധിപത്യത്തെ ഏറ്റവും ശരിയായ നിലയിൽ പ്രതിഫലിപ്പിക്കുന്ന ശക്തികൾ പ്രസ്തുത നാടുകളിൽ ഉയർന്നുവരാത്ത കാലത്തോളം കാലങ്ങളായി നാം സംരക്ഷിച്ചുപോരുന്ന പ്രസ്തുത സ്ഥാപനങ്ങളെ ഇനിയും സംരക്ഷിച്ച് നിലനിർത്തേണ്ടതുണ്ട്”.[27]

ഇസ്ലാമിനെ കുറിച്ച നാഗരിക വിരുദ്ധതയുടെയും ആഗോള ഭീകരതയുടെയും സംഭ്രമകരമായ പ്രചാരണങ്ങളുമായി സമീപകാലത്ത് മുതലാളിത്തലോകം രംഗത്തു വന്നതും ഇസ്ലാമിന്റെ സാമ്രാജ്യത്വ വിരുദ്ധ-മനുഷ്യാവകാശ പോരാട്ടത്തെയും അതിന് കാരണമായിത്തീരുന്ന രാഷ്ട്രീയ മാനങ്ങളോടെ പ്രവർത്തിക്കുന്ന ഇസ്ലാമിക സംഘങ്ങളെയെല്ലാം ഒറ്റപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ തന്നെയാണ്. ഒന്നുകിൽ ഭീകരത, അല്ലെങ്കിൽ ഭീകരതയുടെ സാധ്യത പേറുന്നത് എന്ന കാഴ്ചപ്പാടു മാത്രമേ ഇസ്ലാമിക സംരംഭങ്ങളോടും പ്രസ്ഥാനങ്ങളോടും മതേതര ലിബറൽ മുതലാളിത്ത ബോധത്തിനുള്ളൂ. ഇസ് ലാമിക ലോകത്ത് ചിലരെങ്കിലും തീവ്രവാദ ഭീകര പ്രവണതക്കടിപ്പെട്ടതിനാലാണ് ഈ വിദ്വേഷമെന്ന് തെറ്റിദ്ധരിക്കുന്നവർക്ക് ഹണ്ടിംഗ്ടൺ തന്നെ നൽകുന്ന മറുപടി ശ്രദ്ധേയമാണ്. ഇസ്ലാം ഇസ്ലാമായും പടിഞ്ഞാറ് പടിഞ്ഞാറായും നിലനിൽക്കുന്ന കാലത്തോളം പ്രസ്തുത രണ്ട് സംസ്കാരങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള ജീവിതരീതികളും തമ്മിലുള്ള സംഘർഷം നടക്കുകതന്നെ ചെയ്യും. [28]**ഇസ്ലാം അരാഷ്ട്രീയവും അപ്രായോഗികവും ആയിത്തീരാത്ത കാലത്തോളം** അഥവാ പാശ്ചാത്യ രാഷ്ട്രങ്ങളിൽ ക്രൈസ്തവതക്ക് സംഭവിച്ച അതേ രൂപപരിണാമം ഇസ്ലാമിനും സംഭവിക്കാത്ത കാലത്തോളം **ഈ വിദ്വേഷം പടിഞ്ഞാറ് തുടരുമെന്നർഥം.**

ചുരുക്കത്തിൽ, മതമൗലികവാദം, രാഷ്ട്രീയ ഇസ്ലാം തുടങ്ങിയ പ്രയോഗങ്ങൾ ഉന്നംവെക്കുന്നത്, സാമൂഹിക മാറ്റത്തെക്കുറിച്ച മൂർത്തമായ ചിന്തകൾ കൈമാറുകയും നിലവിലുള്ള ലോകഘടനയെ തിരുത്തുകയും വിപ്ലവകരമായ നിലപാടുകളുമായി സംവദിക്കുകയും ചെയ്യുന്ന മതത്തെയാണ്. അഥവാ, ഇസ്ലാം അതിന്റെ തനിമയാർന്ന വിമോചന ഭാവം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങളിലെല്ലാം അതിനെ വികലമായി അവതരിപ്പിക്കാൻ വികസിപ്പിച്ച പ്രയോഗങ്ങൾ മാത്രമാണിവ. ക്രൈസ്തവ-ജൂത മതങ്ങളെ ആചാരാനുഷ്ഠാനങ്ങളിൽ ഒതുക്കിനിർത്തി ലോകനേതൃത്വം കൈയടക്കിവെച്ച ആഗോള മൂലധന ശക്തികൾക്ക്, അവർ വിഭാവനചെയ്യുന്ന ലോകഘടനക്ക് മുമ്പിലെ ഏറ്റവും വലിയ വെല്ലുവിളിയായിത്തീരുന്നത് ഇസ്ലാമിന്റെ സാമൂഹികാവിഷ്കാരങ്ങളാണെന്നത് സ്വാഭാവികം മാത്രം. ഒരു ആചാരമതമെന്ന നിലയിൽ ഇസ്ലാമിനെ ഉൾക്കൊള്ളാമെന്നും, സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക പ്രക്രിയയിൽ ഇടപെടാനുള്ള ഇസ്ലാമിക ദർശനത്തിന്റെ അർഹതയും സഹജഭാവവും അനുവദിച്ചുകൂടെന്നുമുള്ള ജനവിരുദ്ധവും മൂല്യവിരുദ്ധവുമായ പാശ്ചാത്യ പിടിവാശി ഈ പ്രയോഗത്തിന് പിന്നിലുണ്ട്. ■

(അവസാനിച്ചു)



ജോൺ എൽ എസ്പോസിറ്റോ

**മതമൗലികവാദം, രാഷ്ട്രീയ ഇസ്ലാം തുടങ്ങിയ പ്രയോഗങ്ങൾ ഉന്നംവെക്കുന്നത്, സാമൂഹിക മാറ്റത്തെക്കുറിച്ച മൂർത്തമായ ചിന്തകൾ കൈമാറുകയും നിലവിലുള്ള ലോകഘടനയെ തിരുത്തുകയും വിപ്ലവകരമായ നിലപാടുകളുമായി സംവദിക്കുകയും ചെയ്യുന്ന മതത്തെയാണ്. അഥവാ, ഇസ്ലാം അതിന്റെ തനിമയാർന്ന വിമോചന ഭാവം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങളിലെല്ലാം അതിനെ വികലമായി അവതരിപ്പിക്കാൻ വികസിപ്പിച്ച പ്രയോഗങ്ങൾ മാത്രമാണിവ.**

**അവലംബം**

18. Brian White, Richard Little & Michael Smith (edt) (2001), Issues in World Politics, p158, New York: Palgrave
19. Bassam Tibi (1998), The Challenge of Fundamentalism: Political Islam and New World Order, P. 52-53, California: University of California Press
20. Yousef M Ibrahim, Hassan's fear for the middle east, The New York Times, Quoted from Bassam Tibi (1998), The Challenge of Fundamentalism: Political Islam and New World Order, p 4,5, California: University of California Press
21. Leonard Weinberg & Ami Pedahzar (2004), Religious Fundamentalism and Political Extremism, p 4, London: Frank Cass Publishers.
22. John L. Esposito (1987), Islam and Politics, p212, New York: Syracuse University Press. See Richard T. Antoun& Marry Elaine (1987), Religious Resurgence: Contemporary Cases in Islam, Christianity and Judaism p131, New York: Syracuse University Press
23. Samuel P. Huntington(1996), The Clash of Civilizations and the Remaking of World Order, p 213,New York: Simon & Schuster
24. Ibid, p 213
25. Ibid, p 217
26. നവയാഥാസ്ഥിതികരും അവരോടൊപ്പം ചേർന്നു നിൽക്കുന്ന ഫുക്കുയാമ (1992), ഹണ്ടിംഗ്ടൺ (1993) തുടങ്ങിയ എഴുത്തുകാരും ഈ നിലപാടാണ് പ്രകടിപ്പിക്കുന്നത്. വിശദാംശങ്ങൾക്ക് ഇവരുടെ കൃതികൾ കാണുക.
27. Beinin & Joe Strok (Edt) (2005), Political Islam: Essays from Middle East Report, p 33, California: University of California Press
28. Samuel P. Huntington(1996), The Clash of Civilizations and the Remaking of World Order, p 212,New York: Simon & Schuster